12814
9/6/17

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്-വിദ്യാജ്യോതി- അംഗപരിമിത വിദ്യാർത്ഥികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ എന്നിവയ്ക്കായി ധനസഹായം നൽകുന്ന പദ്ധതി-ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(ആർ.റ്റി) നം.334 /2017/സാ.നീ.വ          തിരുവനന്തപുരം, തീയതി 1.6.2017

---

പരാമർശം- 1. 19.4.2017 ലെ സാമൂഹ്യനീതി ഡയറക്ടറുടെ H1-16497/17 നമ്പർ കത്ത്

2. 26.4.2017 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്

ഉത്തരവ്

വിദ്യാജ്യോതി എന്ന പദ്ധതിയിലൂടെ എ.പി.എൽ/ബി.പി.എൽ ഭേദമന്യേ ഗവൺമെന്റ്/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന 40% മോ അതിൽ കൂടുതലോ വൈകല്യബാധിതരായ വിദ്യാർത്ഥികൾക്ക് യൂണിഫോമും പഠനോപകരണങ്ങളും വാങ്ങുന്നതിനായി ധനസഹായം നൽകുന്നതിലൂടെ ഇത്തരം കുട്ടികളെയും വിദ്യാഭ്യാസത്തിലൂടെ ജോലി സമ്പാദിക്കുന്നതോടൊപ്പം മറ്റു പ്രവർത്തനങ്ങൾക്കും പ്രാപ്തരാക്കുന്നു. 2017-18 സാമ്പത്തിക വർഷം ഒൻപതാം ക്ലാസ്സു മുതൽ പി.ജി കോഴ്സ് വരെ സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് ആകെ 42,70,000/- രൂപയും യൂണിഫോം വാങ്ങുന്നതിനായി ഒറ്റത്തവണ ഗ്രാന്റായി 24,50,000/- രൂപയും ഉൾപ്പെടെ 67,20,000/- രൂപ അനുവദിക്കണമെന്ന് സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

പരാമർശം 2 പ്രകാരം വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം നൽകി.

ഈ സാഹചര്യത്തിൽ 2017-18 സാമ്പത്തിക വർഷം ഒൻപതാം ക്ലാസ്സു മുതൽ പി.ജി കോഴ്സ് വരെ സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് ആകെ 42,70,000/- രൂപയും യൂണിഫോം വാങ്ങുന്നതിനായി ഒറ്റത്തവണ ഗ്രാന്റായി 24,50,000/- രൂപയും ഉൾപ്പെടെ 67,20,000/- രൂപ (അറുപത്തി ഏഴ് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ ബജറ്റിലെ 2235-60-200-83(P) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
മിനി ആന്റണി ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്/എ & ഇ),കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
സാമൂഹ്യനീതി(എ) വകുപ്പ്
ആസൂത്രണസാമ്പത്തികകാര്യവകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ